# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3969 20.07.2015 -ൽ മറുപടിക്ക്**

**കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ.ശിവദാസൻ നായർ<br>,, ഹൈബി ഈഡൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കെ. എസ്. റ്റി. പി. യുടെ രണ്ടാം ഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;<br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;<br>(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;<br>(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (എ) & (ബി) & (സി) & (ഡി) ലോകബാങ്ക് സഹായത്തോടെ 2403 കോടി രൂപ ചെലവു വരുന്ന കെ.എസ്.ടി.പി-2 പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2013 ജൂണിൽ ലോകബാങ്കുമായി കരാർ ഒപ്പിട്ട് ഈ പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. തിരഞ്ഞെടുക്കപ്പെട്ട 363 കി.മീ. റോഡുകൾ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് മെച്ചപ്പെടുത്തൽ, 80 കി.മീ. ദൈർഘ്യമുള്ള ഒരു മാതൃക സുരക്ഷാ ഇടനാഴി (Model Safety Corridor) യുടെ രൂപീകരണം, തന്ത്ര പ്രധാനമായ റോഡ് ശൃംഖല (Strategic Road Network) യുടെ രൂപീകരണം, പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം എന്നിവയാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിടുന്നത്.<br><br>363 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ 9 പാക്കേജുകളിലായിട്ടാണ് നിർമ്മാണം നടത്തുന്നത്. ഇതിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി താഴെ ചേർക്കുന്നു.<br><br>1. പിലാത്തറ - പാപ്പിനിശ്ശേരി (20.90 |

കി.മീ) - 26.92% പണികൾ പൂർത്തിയായി.

2. കാസറഗോഡ് - കാഞ്ഞങ്ങാട് (27.76 കി.മീ)- 22.86% പണികൾ പൂർത്തിയായി.
3. തലശ്ശേരി - വളവുപാറ (53.12 കി.മീ)- 7.46% പണികൾ പൂർത്തിയായി. ഇതിന്റെ നിർമ്മാണ കരാർ റദ്ദാക്കിയിരിക്കുകയാണ്. ബാക്കി പണികൾക്കായുള്ള ടെൻഡർ വിളിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.
4. ചെങ്ങന്നൂർ - ഏറ്റുമാനൂർ (45.00 കി.മീ)- 5.55% പണികൾ പൂർത്തിയായി.
5. ഏറ്റുമാനൂർ - മൂവാറ്റുപുഴ (40.90 കി.മീ)- 6.95% പണികൾ പൂർത്തിയായി.
6. പൊൻകുന്നം - തൊടുപുഴ (50.22 കി.മീ)- 34.70% പണികൾ പൂർത്തിയായി.
7. തിരുവല്ല ബൈപ്പാസ് (2.3 കി.മീ) - 14.50% പണികൾ പൂർത്തിയായി.
8. പുനലൂർ - പൊൻകുന്നം റോഡ് (82 കി.മീ) പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (ഹൈബ്രിഡ് ആന്വിറ്റിയിൽ) നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
9. പെരിമ്പിലാവ് - പെരിന്തൽമണ്ണ റോഡ് നിർമ്മാണത്തിനുള്ള ഭൂമി പുതിയ എൽ.എ.ആക്ട് പ്രകാരം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ